സ്ഥലം മാറിപ്പോയ ശ്രീ. പി. രാജശേഖരൻ നായർക്കു പകരം അച്ചടി വകുപ്പിലെ അസിസ്റ്റന്റ് എക്സ്ക്യൂട്ടീവ് എൻജിനീയറെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ കാലാവധി 30-11-2002 ആയിരുന്നു.

(ബി) ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പൂർണ്ണമായ റിപ്പോർട്ട് 31-8-2004-നു മുമ്പ് സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഗവൺമെന്റ് പ്രസ്സുകളിൽ അദർ ഡ്യൂട്ടി മാനദണ്ഡം

123 [2859] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിൽ അദർ ഡ്യൂട്ടി നിയമനത്തിന് സീനിയോറിറ്റി, യോഗ്യത എന്നിവ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണ് എന്ന് അറിയിക്കാമോ;

(ബി) സ്വന്തം ജില്ല വിട്ട് മറ്റ് ജില്ലകളിൽ സീനിയർമാരായവർ അദർ ഡ്യൂട്ടിയിൽ ജോലി ചെയ്തു വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പാലക്കാട്, കോഴിക്കോട് ജില്ലകളിൽ സീനിയർമാരായ ഇത്തരം ജീവനക്കാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അദർ ഡ്യൂട്ടി നിയമനം നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) അച്ചടി വകുപ്പിലെ ചില പ്രസ്സുകളിൽ ആവശ്യത്തിന് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ജീവനക്കാരുടെ അഭാവത്തിലും മാനുഷിക പരിഗണന കണക്കിലെടുത്തും ചില ജീവനക്കാരെ അദർ ഡ്യൂട്ടിയിൽ നിയമിക്കാറുണ്ട്. ഇതിന് സീനിയോറിറ്റി മാനദണ്ഡമായി പരിഗണിക്കാറില്ല.

(സി) ഉണ്ട്.

(ഡി) ഇല്ല.

അച്ചടിവകുപ്പിൽ നൽകിയ ഓവർടൈം അലവൻസ്

124 [2860] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷത്തിൽ ഓവർടൈം അലവൻസായി ഓരോ വർഷവും എന്തു തുക വീതം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly